# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1940 | 14.08.2017 ൽ മറുപടിയ്ക്ക് |
|---|---|
| **ട്രാൻസ് ജെൻഡർ വിഭാഗക്കാരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.ബി.സത്യൻ<br>,, എസ്.രാജേന്ദ്രൻ<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.പുരുഷൻ കടലുണ്ടി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ട്രാൻസ് ജെൻഡർ വിഭാഗക്കാരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) ട്രാൻസ് ജെൻഡർ വിഭാഗക്കാരുടെ ക്ഷേമത്തിനായി ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. ട്രാൻസ് ജെൻഡർ മാരായ വ്യക്തികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും മുതിർന്നവർക്കും വിവിധ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമായി ബോധവൽക്കരണ ശില്പശാല നടത്തുന്നുണ്ട്. സഹപാഠികളുടെയും അദ്ധ്യാപകരുടെയും അവഗണനയും അവഹേളനവും കാരണം പഠനം പൂർത്തിയാക്കാതെ പോയ ട്രാൻസ് ജെൻഡർ മാരെ സർവ്വേ നടത്തി കണ്ടു പിടിച്ച് തുടർ വിദ്യാഭ്യാസം നൽകുന്ന പദ്ധതി സംസ്ഥാന സാക്ഷരതാമിഷൻ സമർപ്പിച്ചിട്ടുണ്ട്. ആയതിന് തുടർ വിദ്യാഭ്യാസം ചെയ്യാൻ ആഗ്രഹിക്കുന്ന ട്രാൻസ് ജെൻഡർ മാർക്കിടയിൽ സർവ്വേ നടത്തുന്നതിന് മാത്രമായി സാക്ഷരതാ മിഷന് 4,50,000/- രൂപ അനുവദിച്ചിട്ടുണ്ട്.<br>ട്രാൻസ് ജെൻഡർ മാർക്ക് സ്വയം തൊഴിൽ കണ്ടെത്തി ഉപജീവനമാർഗ്ഗം നയിക്കുന്നതിനായി ഓരോ ജില്ലയിലെയും തെരഞ്ഞെടുക്കപ്പെട്ട 5 ട്രാൻസ് ജെൻഡർ മാർക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ട്രാൻസ് ജെൻഡർ ബോർഡുകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം വിശദമാക്കുമോ; | (ബി) ഉണ്ട്. 09.03.2017 ലെ സ.ഉ(അച്ചടി) നം.03/2017/സാനീവ പ്രകാരം സംസ്ഥാനതല ട്രാൻസ് ജെൻഡർ ജസ്റ്റീസ് ബോർഡും, ജില്ലാതല ട്രാൻസ് ജെൻഡർ ജസ്റ്റീസ് ബോർഡും രൂപീകരിക്കുകയും 22.04.2017 ലെ സ.ഉ(സാധാ)നം.250/2017/സാനീവ പ്രകാരം ട്രാൻസ് ജെൻഡർ കമ്മ്യൂണിറ്റിയുടെ 5 പ്രതിനിധികളെ സംസ്ഥാനതല ട്രാൻസ് ജെൻഡർ ബോർഡിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. സംസ്ഥാനതല ട്രാൻസ് ജെൻഡർ ജസ്റ്റിസ് ബോർഡിന്റെ ഒന്നാമത് യോഗം 01.07.2017 ൽ ചേർന്നിട്ടുള്ളതാണ്. |
| (സി) ഈ വിഭാഗക്കാരുടെ ആരോഗ്യം, വിദ്യാഭ്യാസം എന്നിവയ്ക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (സി)ട്രാൻസ് ജെൻഡർ മാരുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് 02.08.2017 ന് സംസ്ഥാനതല ബോധവൽക്കരണ ശിൽപശാല നടത്തിയിരുന്നു. ഇതിൻ പ്രകാരം ഇവരുടെ ക്ഷേമം, അവകാശങ്ങൾ എന്നിവ സംബന്ധിച്ച പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പഠനം പൂർത്തിയാക്കാതെ പോയ ട്രാൻസ് ജെൻഡർ മാരുടെ സർവ്വേ നടത്തി കണ്ടു പിടിച്ച് അവർക്ക് തുടർ വിദ്യാഭ്യാസം നൽകുന്ന പദ്ധതി സാക്ഷരതാ മിഷന്റെ സഹായത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി)ഇവർക്കായി തൊഴിൽ പരിശീലന പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) അതാത് ജില്ലകളിലെ ട്രാൻസ് ജെൻഡർ മാർക്ക് അഭികാമ്യമായ മേഖലയിൽ തൊഴിൽ പരിശീലനം നൽകി അവരെ പ്രാപ്തരാക്കുന്നതിന് എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും മുൻകൂറായി 5,00,000/- രൂപ അനുവദിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ആയതു സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ